<u>വിവരാവകാശം/മറുപടി</u>

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :18/12/2021
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

വർഗ്ഗീസ്
പാലക്കാട്ട് ഹൌസ്
പി ഒ.ചെറുക്കാട്
കോഴിക്കോട് -673521

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 07/12/2021 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

1.ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് ബഹു: സർക്കാർ വരുമാന പരിധിയില്ലാതെ പെൻഷൻ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചതായി അറിയുന്നു. പ്രസ്തുത ഉത്തരവിന്റെ കോപ്പി വിവരാവകാശ നിയമപ്രകാരം അനുവദിച്ചു തരുന്നതിനു അപേക്ഷിക്കുന്നു?

ഉ:-ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് വരുമാന പരിധിയില്ലാതെ പെൻഷൻ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചതായി അറിയില്ല,നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള വരുമാന പരിധി 1 ലക്ഷം രൂപയാണ് . ഉത്തരവ് നം .(G.O (MS)No.97/2020/Fin. Dated. 23/09/2020) ഉത്തരവിന്റെ പകർപ്പ് താങ്കൾക്ക് ആവശ്യമാണെങ്കിൽ പേജ് ഒന്നിന് 3 രൂപ പ്രകാരം 5 പേജിന്റെ വിലയായ 15 രൂപ 0070-60-800-42 അദർ ഐറ്റംസ് എന്ന അക്കൗണ്ട് ഹെഡിൽ ഫീസ് ഒടുക്കി ലഭ്യമാക്കാവുന്നതാണ്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

**അഡീഷണൽ ഡയറക്ടർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,
എം.മുഹമ്മദ് നാസ്സർ
**സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**

ഉള്ളടക്കം

പകർപ്പ്